MIDDLE EAST CHANDRIKA QATAR ESTD 1934 FOURTH ANNUAL ISSUE 2015

# മിഡിൽ ഈസ്റ്റ് ചന്ദ്രിക ഖത്തർ

അദൂനിസ്
ഡോ. ഹാതൂൻ അൽഫാസി
ഹുദാ അൽനഈമി
അഹ്മദ് അബ്ദുൽമാലിക്
ദലാൽ അൽഖലീഫ
ജമാൽ ഫായിസ്



ഹൈദരലി ശിഹാബ് തങ്ങൾ
എം ടി വാസുദേവൻ നായർ
എം മുകുന്ദൻ
യൂസുഫ് അറക്കൽ
ഇ അഹമ്മദ്
പി കെ കുഞ്ഞാലിക്കുട്ടി

## വാർഷികപ്പതിപ്പ് 2015

# അദൂനീസ്: അറബ് ആധുനികതയുടെ അപ്പോസ്തലൻ

കവിത, സാഹിത്യം, അറബ് സംസ്കാരം, രാഷ്ട്രീയം എന്നീ മേഖലകളിലെ അദൂനീസിന്റെ അഭിപ്രായ പ്രകടനങ്ങൾ വളരെയേറെ വിവാദങ്ങളും കോലാഹലങ്ങളുമാണ് അറബ് സാംസ്കാരിക ലോകത്ത് സൃഷ്ടിച്ചിട്ടുള്ളത്. എന്നാൽ അറബ് കാവ്യപാരമ്പര്യത്തെ മൊത്തത്തിൽ മാറ്റിമറിച്ച വിപ്ലവാത്മകമായ ആശയങ്ങളുമായാണ് അദൂനീസും സമകാലികരായ ആധുനിക കവികളും അറുപതുകളിലും എഴുപതുകളിലും അറബി കാവ്യലോകത്ത് തങ്ങളുടെ സാന്നിധ്യംഅറിയിച്ചത്.

ഡോ. എൻ ഷംനാദ്

വര: സുധീഷ് കോട്ടേമ്പ്രം





മഹാകവി കുമാരനാശാന്റെ സ്മരണാർഥമുള്ള ഈ വർഷത്തെ ആശാൻ അന്തർദേശീയ കവിതാപുരസ്കാരം ഏറ്റുവാങ്ങിയത് സമകാലിക കവിതയിലെ ഇതിഹാസം എന്ന് വിശേഷിപ്പിക്കപ്പെടുന്ന അറബ് കവിയായ അദൂനീസ് (അഡോണിസ്) ആണ്. അറബ് ലോകത്തെ ജീവിച്ചിരിക്കുന്ന ഏറ്റവും വിഖ്യാതനായ കവി ആരാണെന്ന ചോദ്യത്തിന്റെ ഒരേയൊരു ഉത്തരമായിരിക്കും ഒരു പക്ഷേ ഈ സിറിയൻ വംശജനായ



കവിയുടെ പേര്. രണ്ട് പതിറ്റാണ്ടുകൾക്ക് മുമ്പ് മറ്റൊരു അറബ് കവിയെക്കൂടി ആശാൻ പുരസ്കാരത്തിനായി തെരഞ്ഞെടുത്തിരുന്നു. അത് ഫലസ്തീൻ ദേശീയ കവിയായ മഹ്മൂദ് ദർവീശ് ആയിരുന്നു. കവിത, സാഹിത്യം, അറബ് സംസ്കാരം, രാഷ്ട്രീയം എന്നീ മേഖലകളിലെ അദൂനീസിന്റെ അഭിപ്രായ പ്രകടനങ്ങൾ വളരെയേറെ വിവാദങ്ങളും കോലാഹലങ്ങളുമാണ് അറബ് സാംസ്കാരിക ലോകത്ത് സൃഷ്ടിച്ചിട്ടുള്ളത്. എന്നാൽ അറബ് കാവ്യപാരമ്പര്യത്തെ മൊത്തത്തിൽ മാറ്റിമറിച്ച വിപ്ലവാത്മകമായ ആശയങ്ങളുമായാണ് അദൂനീസും സമകാലികരായ ആധുനിക കവികളും അറുപതുകളിലും എഴുപതുകളിലും അറബി കാവ്യലോകത്ത് തങ്ങളുടെ സാന്നിധ്യം അറിയിച്ചത്. അറബിയിലെ ആധുനിക ധാരയെ ഏറ്റവും നന്നായി പ്രതിനിധീകരിക്കുന്നതും മറ്റാരുമല്ല. അറബി ആധുനികതയെക്കുറിച്ചുള്ള ചർച്ചയിൽ അതിന്റെ ഉദ്ഘാടകന്റെ വേഷത്തിൽ അദൂനീസിനെയായിരിക്കും ഭൂരിപക്ഷം ഗവേഷകരും പ്രതിഷ്ഠിക്കുക.

അലി അഹ്മദ് സഈദ് ഇസ്ബർ എന്ന അദൂനിസ് 1930 ജനുവരി ഒന്നിന് വടക്കൻ സിറിയയിലെ ലതാക്കിയക്കടുത്തുള്ള അൽ ഖസ്സാബിനിൽ ജനിച്ചു. ശിയാമുസ്ലിംകളിലെ അലവി വിഭാഗത്തിൽപെട്ട കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. വളരെ ചെറുപ്പം മുതലേ കർഷകനായ പിതാവിൽനിന്നും പ്രാചീന അറബികവിതകൾ ഹൃദിസ്തമാക്കുകയും പിന്നീട് സ്വന്തമായി കവിതകൾ എഴുതാൻ തുടങ്ങുകയും ചെയ്തു. 1943ൽ സിറിയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചു.

**ദേശീയ സ്വത്വം, അറബ് സമൂഹത്തിന്റെ 'മഹത്തായ കുതിച്ചുചാട്ടം' എന്നിവക്കായുള്ള ദാഹമാണ് ആദ്യകാല അദൂനിസ് കൃതികളിൽ കാണാൻ കഴിയുക. അതിനാൽതന്നെ മിത്തുകളെയും ചരിത്രത്തെയും കവിതയിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചുള്ള അവബോധത്തിൽ ടി എസ് എലിയറ്റിനേക്കാൾ അൻതൂൻ സആദയോടായിരിക്കും അദൂനീസിന് കൂടുതൽ പ്രതിബദ്ധത ഉണ്ടായിരിക്കുക.**

അന്ന് 13 വയസ്സുള്ള അദൂനീസിന് നാടുകാണാനെത്തിയ സിറിയൻ പ്രസിഡന്റ് ശുക്രി അൽ കുവത്‌ലിയുടെ മുന്നിൽ കവിത ചൊല്ലുവാൻ അവസരം ലഭിച്ചു. അതാകട്ടെ സ്കോളർഷിപ്പോടെ പഠിക്കാനുള്ള വാതിൽ തുറന്നുകൊടുക്കുകയും ചെയ്തു. 1954ൽ ഡമസ്കസിലെ സിറിയൻ സർവകലാശാലയിൽനിന്നും തത്വചിന്തയിൽ ബിരുദം നേടി. വിദ്യാർഥിയായിരിക്കെ തന്നെ സോഷ്യലിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനായിരുന്നു അദൂനിസ്. പ്രമുഖ ലബനീസ് ചിന്തകനും എഴുത്തുകാരനുമായ അൻതൂൻ സആദയുടെ ഉറ്റ അനുയായിയായി മാറുകയും "വിശാല സിറിയ' എന്ന സ്വപ്നം കണ്ടിരുന്ന സിറിയൻ സോഷ്യൽ നാഷണലിസ്റ്റ് പാർട്ടിയിൽ അഗമാവുകയും ചെയ്തു. അക്കാലത്തെ സിറിയൻ അറബ് ദേശീയതയുടെ ഏറ്റവും മൂർത്തമായ മുഖങ്ങളിലൊന്നായിരുന്നു അൻതൂൻ സആദയുടേത്. അതേ സമയം പാൻ-അറബ്, പാൻ- ഇസ്ലാമിക് ആശയങ്ങളോട് തീരാത്ത എതിർപ്പായിരുന്നു സആദ രേഖപ്പെടുത്തിയിരുന്നത്. ഫയറിംഗ് സ്ക്വാഡിന്റെ വെടിയേറ്റ് വീഴുന്നതുവരെ അറബ് ലോകത്തും യൂറോപ്പിലും ലാറ്റിനമേരിക്കയിലുമായി നിരന്തര യാത്രകളിലൂടെ തന്റെ ആശയ പ്രചരണത്തിലായിരുന്നു സആദ.

അൻതൂൻ സആദയുടെ സ്വാധീനത്തിലായിരുന്നു 'അലി അഹ്മദ് സഈദ് അദൂനീസ്' എന്ന തൂലികാനാമം സ്വീകരിച്ചതെന്ന് ചില ഗവേഷകർ പറയുന്നുണ്ട്. പ്രശസ്തമായ ഗ്രീക്ക് മിത്തോളജിക്കൽ കഥാപാത്രമാണ് അദൂനിസ് (അഡോണിസ്). സൗന്ദര്യത്തിന്റെയും തൃഷ്ണയുടെയും ഫിനീഷ്യൻ അർധദേവൻ. എന്നാൽ 'അദൂനീസ്' എന്ന തൂലികാനാമം പതിനേഴാം വയസിൽ അദ്ദേഹം സ്വയം തിരഞ്ഞെടുത്തതാണെന്നും പറയപ്പെടുന്നുണ്ട്. യഥാർഥ പേരിൽ എഴുതിയ കവിതകൾ ചില പ്രസിദ്ധീകരണങ്ങൾ സ്വീകരിക്കാതിരുന്നപ്പോഴായിരുന്നു അങ്ങനെ ചെയ്തതത്രെ. സോഷ്യലിസ്റ്റുകളുടെ പ്രസിദ്ധീകരണമായ 'അൽസൗറ' (വിപ്ലവം)യുടെ കൾച്ചറൽ സപ്ലിമെന്റിന്റെ എഡിറ്റർമാരിലൊരാളായതോടെ അദൂനീസ് ഭരണകൂടത്തിന്റെ നോട്ടപ്പുള്ളിയായി മാറി. സിറിയൻ സോഷ്യൽ നാഷണലിസ്റ്റ് പാർട്ടിയിൽ അംഗമാണ് എന്ന കുറ്റംചാർത്തി 1955ൽ അറസ്റ്റ് ചെയ്യപ്പെട്ടു. ആറുമാസം നീണ്ട തടവുകാലം കഴിഞ്ഞ് പുറത്തിറങ്ങിയ അദൂനീസ് അയൽ രാജ്യമായ ലബനണിലേക്ക് പോവുകയും ബെയ്റൂത്തിൽ താമസമാക്കുകയും ചെയ്തു. പിൽക്കാലത്ത് ലബ്നാനിൽ ആഭ്യന്തരയുദ്ധം





തുടങ്ങിയപ്പോൾ അദൂനീസ് പാരിസീലേക്ക് പോയി അവിടെ ജീവിക്കാൻ തുടങ്ങി. വിഖ്യാത അറബി കവികളായ ജുബ്റാൻ ഖലീൽ ജുബ്റാൻ (ഖലീൽ ജിബ്രാൻ), ഇല്ല്യാസ് അ ബൂശബ്ക, സ്വലാഹ് ലബകി, സഈദ് അഖ്ല് തുടങ്ങിയവർ സൃഷ്ടിച്ച പുതിയ കാവ്യ സംവേദന രീതിയുടെ ആരാധകനായി മാറിയിരുന്നു യുവാവായ അദൂനീസ്. എന്നാൽ പ്രാചീന അറബികാവ്യപാരമ്പര്യത്തിൽ അഗാധജ്ഞാനമുണ്ടായിരുന്ന പിതാവിന്റെ സ്വാധീനമായിരുന്നു സത്യത്തിൽ അദൂനീസിലെ കവിയെ രൂപപ്പെടുത്തിയത്. അൻപതുകളുടെ അവസാനം വരെയുള്ള അദൂനീസിന്റെ കവിതകൾ ഈ പൂർവകാല കവിതാ സ്രോതസുകളെ സമന്വയിപ്പിക്കാനുള്ള ശ്രമമായാണ് വിലയിരുത്തപ്പെടുന്നത്. അതേസമയം തന്നെ തന്റെ രാഷ്ട്രീയവും സാമൂഹികവുമായ വിശ്വാസങ്ങൾ പ്രകടിപ്പിക്കാനുള്ള ഒരിടമായി ഈ കവിതയെ സമർഥമായി ഉപയോഗിക്കുന്നതിലും അദ്ദേഹം വിജയിച്ചിട്ടുണ്ട്. ദേശീയ സ്വത്വം, അറബ് സമൂഹത്തിന്റെ 'മഹത്തായ കുതിച്ചുചാട്ടം' എന്നിവക്കായുള്ള ദാഹമായിരുന്നു ആദ്യകാല അദൂനിസ് കൃതികളിൽ കാണാൻ കഴിയുക. അതിനാൽതന്നെ മിത്തുകളെയും ചരിത്രത്തെയും കവിതയിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചുള്ള അവബോധത്തിൽ ടി എസ് എലിയറ്റിനേക്കാൾ അൻതൂൻ സആദയോടായിരിക്കും അദൂനീസിന് കൂടുതൽ പ്രതിബദ്ധത ഉണ്ടായിരിക്കുക. പടിഞ്ഞാറുനിന്നുള്ള വെല്ലുവിളികളെ നേരിടുന്നതിൽ വളരെ നിർണായകമായ പങ്ക് കവിതക്കുണ്ടെന്നായിരുന്നു അദൂനീസും തന്റെ സമകാലികരായ പല അറബികവികളും വിശ്വസിച്ചിരുന്നത്.

1948ൽ ഫലസ്തീനികൾക്ക് വൻനഷ്ടം വരുത്തിക്കൊണ്ട് ഇസ്രായേൽ നിലവിൽ വന്നതിനെ തുടർന്നാണ് അറബ് സാംസ്കാരിക ലോകത്ത് വലിയ മാറ്റങ്ങൾ ദൃശ്യമാകുന്നത്. 'പുതിയ കവിത' ഈ സാംസ്കാരിക മാറ്റത്തിന്റെ പ്രധാന മുഖമായിരുന്നു. വൃത്ത-പ്രാസ നിബദ്ധമായ പാരമ്പര്യ കവിതകൾക്കെതിരെ ഒരു പോർമുഖം തുറന്നുകൊണ്ടായിരുന്നു ഈ പുതിയകവിത രംഗപ്രവേശം ചെയ്തത്. സത്യത്തിൽ രണ്ടാം ലോക മഹായുദ്ധാനന്തരം ഇറാഖിലെ സോഷ്യലിസ്റ്റ് കവികളായ ബദർ ശാകിർ അൽ-സയ്യാബ്, ബൂലന്ത് അൽ ഹൈദരി തുടങ്ങിയ കവികളായിരുന്നു അറബിയിലെ സ്വതന്ത്ര കവിതാ പ്രസ്ഥാനത്തിന്റെ പ്രാണേതാക്കൾ.

അറബി സ്വതന്ത്ര കവിതാചരിത്രത്തിലെ ഒരേടാണ് 'മജലത്തു ശിഅ്റ്' (കവിതാ മാസിക). പ്രമുഖ സിറിയൻ കവിയായിരുന്ന യൂസുഫ് അൽ ഖാലു

**കവിതയെക്കുറിച്ചുള്ള അദൂനീസിന്റെ നിരൂപണ പദ്ധതികൾക്ക് അക്കാദമിക നിരൂപണത്തിന്റെ നിയന്ത്രിത ഭാവത്തിന്റെ കുറവുണ്ടായിരുന്നെങ്കിലും ഒരു അഗ്രഗാമിയുടെയും സ്വപ്ന ജീവിയുടെയും ശക്തിയും ആത്മാവും കൂടെയുണ്ടായിരുന്നു.**

മായി ചേർന്നുകൊണ്ട് 1957 ലായിരുന്നു അദൂനീസ് ബെയ്റൂത്തിൽ ഈ പ്രസിദ്ധീകരണം തുടങ്ങിയത്. 1964ൽ പ്രസിദ്ധീകരണം നിർത്തുന്നതുവരെ അറബിയിലെ എക്സ്പിരിമെന്റൽ കവിതയുടെ മുഖമുദ്രയായിരുന്നു 'ശിഅ്റ്' മാഗസിൻ. പുതുകവിതയുടെ നാമ്പുകൾ മുളയിലേ നുള്ളുവാൻ യാഥാസ്ഥിതികരായ നിരൂപകർ അരയും തലയും മുറുക്കി ഇറങ്ങുകയായിരുന്നു. അതേസമയംതന്നെ സാധാരണക്കാരന്റെ ദൈനം ദിനഭാഷയിലേക്ക് തരം താഴാത്ത സംസ്കൃതമായ ഭാഷയും സ്വയംനിർണിതമായ 'സ്പെയ്സും' കവിതക്ക് അത്യാവശ്യമാണെന്ന നിലപാടിൽ ഒരു വിട്ടുവീഴ്ചക്കും അദൂനീസിലെ കവി ഒരുക്കവുമായിരുന്നില്ല.

1961ൽ പുറത്തിറങ്ങിയ 'അഗാനീ മിഹ്യാർ അൽ ദിമശ്കി' (ഡമസ്കസുകാരൻ മിഹ്യാറിന്റെ ഗീതങ്ങൾ) അദൂനീസിന്റെയും ആധുനിക അറബ് കവിതയുടെയും ചരിത്രത്തിലെ ഒരു വഴിത്തിരിവ് തന്നെയായിരുന്നു. കവിതയുടെ സാമൂഹിക രാഷ്ട്രീയ ധർമത്തിനും കവിതക്ക് അത്യാവശ്യമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്ന ബിംബാത്മകമായൊരു അസാന്നിധ്യ ഭാഷക്കുമിടയിൽ സന്തുലനം നേടാൻ സാധിച്ചു എന്നതായിരുന്നു ഈ കൃതിയുടെ ഏറ്റവും വലിയ മേന്മായായി നിരൂപകർ കണ്ടത്. കൂടുതൽ സമൃദ്ധവും പരീക്ഷണാത്മകവുമായിരുന്നു പിൽക്കാല കവിതകളെങ്കിലും അവക്കൊന്നിനും തന്നെ 'അഗാനീ മിഹ്യാ'റിന്റെ കാവ്യമികവിനെ മറികടക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് സത്യം. അദൂനീസിന്റെ ഏറ്റവും സങ്കീർണമായ കൃതി 400 പേജുകളുള്ള 'മുഫ്റദ് ബിസീഗാതിൽ ജംഅ്' (ബഹുവചന രൂപങ്ങളുള്ള ഏകവചനം) ഒരു കണ്ണഞ്ചിപ്പിക്കുന്ന കവിതാ സൃഷ്ടിയാണെങ്കിലും നല്ലൊരു ശതമാനം വായനക്കാർക്കും ദുർഗ്രാഹ്യമായിത്തീർന്ന ഒന്നായിരുന്നു.

കവി, കവിതാസൈദ്ധാന്തികൻ, അറബ് സംസ്കാരത്തെക്കുറിച്ച് ഉൽപ്പതിഷ്ണു ആശയങ്ങൾ കൊണ്ടുനടന്ന ചിന്തകൻ എന്ന നിലകളിൽ തന്റെ സമകാലികരിലും അറബ് കവികളിലെ യുവതലമുറയിലും അത്ഭുതമായ സ്വാധീനം ചെലുത്തിയ വ്യക്തിയാണ് അദൂനീസ്. തന്റെ കവിതകളിൽ നിറഞ്ഞുനിൽക്കുന്ന 'ഹദാസ' (മോഡേണിസം)യുടെ പര്യായമായി അദൂനീസ് എന്ന നാമം അറബ് സാംസ്കാരിക വായനക്കാർക്കിടയിൽ പ്രത്യക്ഷപ്പെടാറുണ്ട്. അറബി സാഹിത്യവിമർശന ചരിത്രത്തിലെ ഒരു അതിരടയാളമാണ് 'സമൻ അൽ ശിഅ്റ്' (കവിതയുടെ യുഗം) എന്ന 1972ൽ പുറത്തിറങ്ങിയ നിരൂപണപഠനം. ഈ കൃതിയിലൂടെ അറബി മോഡേണിസത്തിന് ഒരു കാവ്യസൈദ്ധാന്തികത നൽകാൻ ശ്രമിക്കുകയാണ് അദൂനീസ്. 1957ൽ സ്ഥാപിക്കപ്പെട്ട മുൻപ് പരാമർശിച്ച 'ശിഅ്റ്' എന്ന അവന്ത് ഗാർദ് പ്രസിദ്ധീകരണമായാലും, പ്രമുഖ നിരൂപകനും എഡ്വേഡ് സെയ്ദിന്റെ 'ഓറിയന്റലിസം' പോലുള്ള കൃതികളുടെ അറബി വിവർത്തകനുമായ കമാൽ






തിരുവനന്തപുരം, വർക്കല നടന്ന ചടങ്ങിൽ മന്ത്രി കെ സി ജോസഫിൽ നിന്നും അദൂനീസ് ‘ആശാൻ അന്തർദേശീയ കവിതാപുരസ്കാരം’ ഏറ്റുവാങ്ങുന്നു. എം എ ബേബി ഉൾപ്പെടെ പ്രമുഖർ സമീപം

അബൂദീബുമായി ചേർന്ന് 1968ൽ ബെയ്റൂത്തിൽ തുടങ്ങിയ “മവാഖിഫ്’ (നിലപാടുകൾ) എന്ന സാംസ്കാരിക രാഷ്ട്രീയ ജിഹ്വയായാലും ആധുനികതക്കുവേണ്ടിയുള്ള നിരന്തര സമരായുധങ്ങൾ തന്നെയായിരുന്നു.

കവിതയെക്കുറിച്ചുള്ള അദൂനീസിന്റെ നിരൂപണ പദ്ധതികൾക്ക് അക്കാദമിക നിരൂപണത്തിന്റെ നിയന്ത്രിത ഭാവത്തിന്റെ കുറവുണ്ടായിരുന്നെങ്കിലും ഒരു അഗ്രഗാമിയുടെയും സ്വപ്നജീവിയുടെയും ശക്തിയും ആത്മാവും കൂടെയുണ്ടായിരുന്നു. പടിഞ്ഞാറൻ സാഹിത്യധാരകളുമായുള്ള അടുത്തബന്ധം ധാരാളം യൂറോപ്യൻ കവിതാ നാടക സൃഷ്ടികളെ അറബിയിലേക്ക് വിവർത്തനം ചെയ്യുവാനും അദൂനീസിനെ പ്രേരിപ്പിച്ചു. ഫ്രഞ്ചുകൃതികളായിരുന്നു ഇത്തരത്തിൽ ഏറ്റവും കൂടുതൽ വിവർത്തനത്തിന് വിധേയമായത്. സ്വീഡിഷ് കവിയും നോബേൽ ജേതാവുമായ ടോമസ് ട്രാൻസ്ട്രോമറിനെ അറബ് ലോകത്ത് പ്രശസ്തനാക്കിയത് അദൂനീസായിരുന്നു. 1988 മുതൽ പലതവണ സാഹിത്യ നോബേൽ സമ്മാനത്തിനുള്ള അവസാന പട്ടികയിൽ അദൂനീസിന്റെ പേര് കടന്നുവന്നിട്ടുണ്ട്. എന്നാൽ പശ്ചിമേഷ്യയിലും വടക്കനാഫ്രിക്കൻ അറബ് രാഷ്ട്രങ്ങളിലും ‘അറബ് വസന്തം’ എന്നറിയപ്പെട്ട ജനാധിപത്യ പ്രക്ഷോഭങ്ങളെ തുടർന്ന് 2011ൽ അറബ് കവിയായ അദൂനീസിന് നോബൽ സമ്മാനം നൽകണമെന്ന ശക്തമായ വാദം ജൂറിക്കിടയിൽ ഉണ്ടായെങ്കിലും അവസാനം നറുക്കു വീണത് സ്വീഡിഷ് കവിയായ ട്രാൻസ്ട്രോമറിനായിരുന്നു. അദ്ദേഹത്തിന്റെ കൂടെ പ്രധാന അറബ് തലസ്ഥാനങ്ങളിലേക്ക് നടത്തിയ കവിതായാത്രകൾ ട്രാൻസ്ട്രോമറിന് ധാരാളം ആരാധകർ അറബ് വായനക്കാർക്കിടയിൽ ഉണ്ടാകാൻ കാരണമായി.

നിരൂപകൻ, വിവർത്തകൻ എന്നീ വേഷങ്ങളിലും തിളങ്ങിയിട്ടുണ്ടെങ്കിൽ പോലും അദൂനീസിന്റെ ഏറ്റവും ഈടുറപ്പുള്ള കൃതികൾ തന്റെ കവിതകൾ തന്നെയാണ്. ലോകത്തെ മാറ്റിമറിക്കാനും ഭാഷക്ക് മൗലികമായ രൂപമാറ്റം കൊണ്ടുവരുവാനുമായിരുന്നു ഏതാണ്ട് എല്ലാ കൃതികളിലും അദ്ദേഹം ശ്രമിച്ചത്. എന്നാൽ ഇതിലൊന്നിനെ ബലികഴിക്കാതെ മറ്റേത് നേടുന്നതെങ്ങനെ എന്നതായിരുന്നു അദൂനീസിന്റെ കവിത നേരിട്ട പ്രധാന വെല്ലുവിളി. എന്നാൽ ഈ രണ്ടു ലക്ഷ്യങ്ങൾക്കായുള്ള പ്രേരണ സത്യത്തിൽ ഒന്നുതന്നെയായിരുന്നു. അറബ് സമൂഹത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ നിഷ്ക്രിയത്വമായിരുന്നു അദൂനീസിനെ ഏറ്റവും കൂടുതൽ പ്രകോപിപ്പിച്ചത്. ഈ നിഷ്ക്രിയത്വം നിർമാർജ്ജനം ചെയ്യാനായി ചരിത്രത്തിലെ മനുഷ്യന്റെ സർഗാത്മക

വേഷത്തിനായുള്ള ഒരു ആത്മാന്വേഷണത്തിലൂടെ സാധിക്കുമെന്ന് അദൂനീസ് വിശ്വസിക്കുന്നു. 'അൽ ബഅ്സ് വൽ റമാദ്' (പുനരുദ്ധാനവും ചാരവും) എന്ന ആദ്യകാല കവിതകളിലൊന്നിൽ ഈ തീം അതിന്റെ വിവിധ ഭാവങ്ങളിലുള്ള ബിംബകല്പനകളുമായി പ്രത്യക്ഷപ്പെടുന്നത് കാണാം.

ചില സമയങ്ങളിൽ അദൂനീസിന്റെ കവിത വിപ്ലവാത്മകവും അരാജകത്വപരവുമാണെങ്കിൽ മറ്റു ചിലപ്പോൾ അത് തികച്ചും മിസ്റ്റിക്കലായിരിക്കും. സൂഫി കവികളുടെ കൃതികളിൽ നിന്നാണ് കവിയുടെ മിസ്റ്റിസിസം രൂപം കൊള്ളുന്നത്. മനുഷ്യാസ്തിത്വത്തിന്റെ വൈരുധ്യാത്മകമായ വശങ്ങളും പ്രപഞ്ചത്തിലെ സാമ്യതയില്ലാത്ത വസ്തുക്കൾ തമ്മിലുള്ള മൗലിക സാമ്യങ്ങൾക്കുമിടയിലെ അന്തർലീനമായ ഒത്തൊരുമ വെളിച്ചത്തുകൊണ്ടുവരുവാനുള്ള ശ്രമങ്ങളാണ് ഈ മിസ്റ്റിക് കവിതകൾ. വിപ്ലവാത്മകം, മിസ്റ്റിക് എന്നിങ്ങനെ രണ്ട് ധ്രുവങ്ങളായി അദൂനീസിന്റെ കവിതകൾ വിഭജിക്കപ്പെടാറുണ്ടെങ്കിലും ചില നേരങ്ങളിൽ ഈ രണ്ട് വിരുദ്ധധ്രുവങ്ങൾ സ്വരച്ചേർച്ചയോടെ ഒന്നായിമാറുന്ന വിസ്മയക്കാഴ്ച കവിതാസ്വാദകരെ അത്ഭുതപ്പെടുത്താറുണ്ട്. പുതിയൊരു കാവ്യഭാഷ സൃഷ്ടിക്കാനും അതേസമയം തന്നെ സാമൂഹിക- രാഷ്ട്രീയ യാഥാർഥ്യങ്ങളെ തകിടം മറിക്കാനുള്ള കവിയുടെ പോരാട്ടം പുതിയൊരു കാവ്യമീമാംസക്ക് തിരികൊളുത്തുകയും ചെയ്തിട്ടുണ്ട്. പ്രത്യക്ഷ(അൽ ദാഹിർ) മായതിനാൽ പൂർണമായും മൂടപ്പെട്ട അപ്രത്യക്ഷ (അൽ ബാത്വിൻ)ത്തെ പുറത്തുകൊണ്ടുവരുവാനുള്ള മനുഷ്യപ്രതിഭയുടെ കഴിവിനെ സമർഥിക്കുന്നതാണ് ഈ കാവ്യമീമാംസ. ഒരു ശിയ- അലവി കുടുംബ പശ്ചാത്തലത്തിൽ വളർന്നതിന്റെ സ്വാധീനം ഈ നിലപാടുതറയുടെ സൃഷ്ടിപ്പിന് പ്രധാന കാരണമായിട്ടുണ്ടാകാം. അതിനാൽതന്നെ ഫ്രഞ്ച് സിമ്പോളിക് സർറിയലിസ്റ്റിക് കവിതാപാരമ്പര്യങ്ങളുമായി അദൂനീസിന്റെ കവിത ചേർന്നു നിൽക്കുന്നതും കാണാം. 1992ൽ പുറത്തിറങ്ങിയ 'അൽ സൂഫിയ്യ വൽ സുർയാലിയ്യ' (സൂഫിസവും സർറിയലിസവും) എന്ന കൃതിയിൽ സിമ്പോളിസത്തിന്റെയും സർറിയലിസത്തിന്റെയും ഏറ്റവും ആഴത്തിലുള്ള പ്രഭവകേന്ദ്രങ്ങൾ സൂഫിസത്തിന്റേതിന് തുല്യമാണെന്ന് അദൂനീസ് വാദിക്കുന്നുണ്ട്.

**വർത്തമാനയാഥാർഥ്യങ്ങളെ നിരസിക്കാനുള്ള അദമ്യമായ ദാഹമാണ് അദൂനീസിന്റെ കവിതയെന്ന് ചുരുക്കിപ്പറയാം. എന്തിനെയും അപൂർണമായി ഉപേക്ഷിച്ചുപോകാൻ കവിയുടെ മനസ് ആഗ്രഹിക്കുന്നു. അതേസമയം തന്റെ രാഷ്ട്രീയ നിലപാടുകൾ അറബ് ലോകത്ത് അദ്ദേഹത്തിന് വളരെയേറെ എതിരാളികളെ സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ കൂടുതൽ മൂർത്തമായ രൂപം അറബ് വസന്താനന്തരമാണ് ഉണ്ടായത്. തുനീഷ്യയിലും ഈജിപ്തിലും യമനിലും ലിബിയയിലുമുണ്ടായ ജനാധിപത്യ പ്രക്ഷോഭങ്ങളെ തത്വത്തിൽ പിന്തുണക്കുന്ന കവി വിപ്ലവം പടിഞ്ഞാറും രാഷ്ട്രീയ ഇസ്‌ലാമും ചേർന്ന് അപഹരിച്ചു കളഞ്ഞു എന്ന അഭിപ്രായക്കാരനാണ്.**

അദൂനിസിന്റെ ചില ആദ്യകാലകവിതകളുടെ താളാത്മകഘടനയുടെ സ്പഷ്ടതയും ചാരുതയും സമൃദ്ധിയുമൊക്കെ മറ്റു ചില പിൽക്കാലകൃതികളിലെ സങ്കീർണതയോടും സ്ഥിരമായ താളാത്മകതയില്ലായ്മയോടും ഏറ്റുമുട്ടുന്നതായി കാണാം. വിപരീതസത്യങ്ങളുടെയും പരമകാഷ്ഠയുടെയും കവിയായ അദൂനിസ് തന്റെ ഓരോ പുതിയ കൃതിയിലും പുതിയ മേച്ചിൽ പുറങ്ങൾ തേടിപ്പോകുന്നതായും കാണാം.



ഡോ. എൻ ഷംനാദ്

അടുത്തിടെ കവിത എഴുത്തിൽ നിന്നും വ്യത്യസ്തമാണെന്ന് അദ്ദേഹം എഴുതുകയുണ്ടായി. പരമ്പരാഗതമായതിനപ്പുറം പോകുന്ന തലങ്ങളും ഭാഷയും രൂപവും താളഘടനയുമുള്ള സമ്പൂർണ പാഠമാകണം കവിത എന്നാണ് അദൂനീസ് സമർഥിക്കുന്നത്. തന്റെ എല്ലാ കൃതികളിലും ഭാഷയുടെ മേലുള്ള സർവാധിപത്യവും കഴിവുറ്റൊരു വാസ്തുശില്പിയെപ്പോലെ പാഠം നിർമിക്കാനുള്ള ശക്തിയും പ്രകടിപ്പിക്കുന്നുണ്ട് കവി. എന്നാൽ എഴുപതുകളിലെ തന്റെ കവിതയിലുണ്ടായിരുന്ന മൂർത്തത കവിയുടെ പല പുതിയ കവിതകളിലും കാണാനില്ല എന്നതും വാസ്തവമാണ്. ആദ്യകാല സൃഷ്ടികളിലുണ്ടായിരുന്ന കാലത്തോടുള്ള അഭിനിവേശത്തിന്റെ സ്ഥാനത്ത് പിൽക്കാലത്ത് സ്ഥലത്തിനോടുള്ള താൽപര്യമാണ് കാണാൻ കഴിയുന്നത്. മറാക്കെശ്, ഫെസ്, കെയ്റോ, സൻആ,

ബെയ്റൂത്ത്, ഡമസ്കസ് തുടങ്ങിയ സ്ഥലങ്ങൾ ശക്തമായ ഭൗതിക സാന്നിധ്യമായി അദൂനീസിന്റെ കവിതകളിൽ പ്രത്യക്ഷപ്പെടാറുണ്ട്.

വർത്തമാനയാഥാർഥ്യങ്ങളെ നിരസിക്കാനുള്ള അദമ്യമായ ദാഹമാണ് അദൂനീസിന്റെ കവിതയെന്ന് ചുരുക്കിപ്പറയാം. എന്തിനെയും അപൂർണമായി ഉപേക്ഷിച്ചുപോകാൻ കവിയുടെ മനസ് ആഗ്രഹിക്കുന്നു. അതേസമയം തന്റെ രാഷ്ട്രീയ നിലപാടുകൾ അറബ് ലോകത്ത് അദ്ദേഹത്തിന് വളരെയേറെ എതിരാളികളെ സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ കൂടുതൽ മൂർത്തമായ രൂപം അറബ് വസന്താനന്തരമാണ് ഉണ്ടായത്. തുനീഷ്യയിലും ഈജിപ്തിലും യമനിലും ലിബിയയിലുമുണ്ടായ ജനാധിപത്യ പ്രക്ഷോഭങ്ങളെ തത്വത്തിൽ പിന്തുണക്കുന്ന കവി വിപ്ലവം പടിഞ്ഞാറും രാഷ്ട്രീയ ഇസ്ലാമും ചേർന്ന് അപഹരിച്ചു കളഞ്ഞു എന്ന അഭിപ്രായക്കാരനാണ്. സിറിയയിലെ ബശ്ശാറുൽ അസദ് ഭരണകൂടത്തിനെതിരെയുള്ള പ്രക്ഷോഭത്തെക്കുറച്ചുള്ള അദൂനീസിന്റെ നിപാടുകൾ പരക്കെ വിമർശിക്കപ്പെട്ടു. അസദിന് അയച്ച ഒരു കത്തിൽ അദ്ദേഹത്തെ 'ഇലക്ടഡ് പ്രസിഡന്റ്' എന്ന് അദൂനീസ് അഭിസംബോധന ചെയ്തത് കവിയുടെ ഇരട്ടത്താപ്പാണെന്ന് പരക്കെ വിമർശിക്കപ്പെട്ടു. സത്യത്തിൽ അറബ്വസന്ത സമരങ്ങളോട് ഇടതുപക്ഷ ബുദ്ധിജീവികൾ സ്വീകരിച്ച പൊതുനിലപാടിന്റെ മറ്റൊരു വശമാണിത്. എന്നാൽ ജർമൻ ഓൺലൈൻ പ്രസിദ്ധീകരണമായ 'കൻത്വറ'ക്ക് നൽകിയ അഭിമുഖത്തിൽ സിറിയയിലെ ബശ്ശാറുൽ അസദിനെതിരായ പ്രതിപക്ഷ പ്രക്ഷോഭങ്ങളെ നൂറ് ശതമാനവും പിന്തുണക്കുന്നതായി അദൂനീസ് അവകാശപ്പെടുന്നുണ്ട്. ഒപ്പം അസദിനെതിരെ അക്രമത്തിന്റെ മാർഗമല്ല ഗാന്ധിയൻ രീതിയിലുള്ള പ്രതിഷേധ മാർഗങ്ങളാണ് വേണ്ടതെന്നും കവി ജാമ്യമെടുക്കുന്നുണ്ട്. ഹാഫിസ് അൽ അസദ് എന്ന ഏകാധിപതിയുടെ മകനായതുകൊണ്ട് മാത്രം പിതാവിനുശേഷം അനന്തരാവകാശിയായ ബശ്ശാറുൽ അസദ് നടത്തിയ തെരഞ്ഞെടുപ്പുകളൊക്കെ വെറും പ്രഹസനമാണെന്ന് തനിക്കറിയാമെന്നും കവി പറയുന്നു.

കോളനിയാനന്തര കാലഘട്ടത്തിലെ അറബികൾ നേരിട്ട തിരിച്ചടികളും സാംസ്കാരിക തകർച്ചയുമൊക്കെയാണ് അദൂനീസിലെ കവിയെ രൂപപ്പെടുത്തുന്നത്. 'ഹുദൂദുൽ യഅ്സ്' (നിരാശയുടെ അതിർവരമ്പുകൾ) എന്ന പഴയൊരു കവിതയിൽ ഇങ്ങനെ വായിക്കാം:

''നിരാശയുടെ അതിർവരമ്പുകളിൽ എന്റെ വീട് നിൽക്കുന്നു
അതിന്റെ ചുമരുകൾ മഞ്ഞ നുരപോലെ
പൊള്ളയാണവ; മേഘങ്ങൾ പോലെ ചിതറിയവയും
കുഴഞ്ഞ മാവ് പോലെയുള്ള ജാലകങ്ങളാണ് എന്റെ വീട്
ആ വീട് നിറയെ കുഴികൾ
കാറ്റ് അതിനെ കുഴിതോണ്ടിക്കൊണ്ടിരിക്കുന്നു... കാറ്റ് ക്ഷീണിച്ചുകഴിഞ്ഞാൽ ചുഴലിക്കാറ്റുകൾ അതിനെ കുഴിതോണ്ടും
സൂര്യൻ വളരെ അടുത്താണെങ്കിലും അതിനെ പരിത്യജിച്ചുകൊണ്ടിരിക്കുന്നു.
കുഞ്ഞുകിളികൾപോലും അതിനെ ഉപേക്ഷിക്കുന്നു
എന്റെ വീട്
പ്രകമ്പനങ്ങൾതന്നെ അതിനെ തകർക്കുന്നു അദൃശ്യത്തിന് പിറകിലെ അദൃശ്യമായി ആക്രമിക്കപ്പെടുന്നു
ഞാനതിലാണ് ഉറങ്ങുന്നത്
അപരാഹ്നവും ഉറങ്ങുന്നത് അതിൽ തന്നെ.
എനിക്ക് ചുറ്റിലുമായി വീർപ്പുമുട്ടി ശബ്ദമെല്ലാം അടങ്ങിയിരിക്കുന്നു.''



കേരളത്തിലെത്തിയ അദൂനീസ് തന്റെ മലയാള വിവർത്തകനായ ഡോ. എം എ അസ്കർ (വലത്) മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ വി മുസഫർ അഹമ്മദ് (ഇടത്) എന്നിവരോടൊപ്പം